

ST. XAVIER'S HIGHER SECONDARY SCHOOL, CHEMMANNAR

# Xaverian 2K24

*It is a Sound Not an Echo*

നിങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന
കോഴ്സ് അത് ഏതുമാകട്ടെ!

മികച്ച കോളേജിൽ ഉന്നത നിലവാരത്തിൽ പഠിക്കുവാൻ

## ഞങ്ങൾ നിങ്ങളെ സഹായിക്കാം

# CONFIDENCE
## GROUP OF INSTITUTIONS

**CONFIDENCE PARAMEDICAL COLLEGE**
**NEDUMKANDAM**

Native Skill Development and Training Council NewDelhi
(AN AUTONOMOUS BODY, RECOGNIZED BY GOVERNMENT OF INDIA)

## DIPLOMA IN

- MEDICAL LABORATORY TECHNOLOGY
- NURSING ASSISTANT
- PHARMACY ASSISTANT
- X RAY AND ECG TECHNICIAN

NO AGE LIMIT | ELIGIBILITY 10th PASS



പഠിച്ചിറങ്ങുന്ന
മുഴുവൻ
കുട്ടികൾക്കും
ജോലി...

## CONFIDENCE EDUCATION CONSULTANCY

| | | | | | |
|---|---|---|---|---|---|
| MBBS | BDS | BAMS | BHMS | BE/B.TECH | NURSING BSC, MSC, PCBSC, GNM |
| PHARMACY PHARM D, B PHARM, D PHARM | BPT PHYSIOTHERAPY | BHM HOTEL MANAGEMENT | LLB | FORENSIC SCIENCE | AVIATION TRAVEL & TOURISM |
| BASLP SPEECH & HEARING | BBA MBA | BCA MCA | BSW MSW | B.SC MLT | B.SC OPTOMETRY |
| B.SC AGRICULTURE | B.SC RADIOLOGY | B.SC ANESTHESIA | BA DRAMA | BA KATHAK BHARATANATYAM | BA MULTIMEDIA & GRAPHIC DESIGNING |

**All other UG/PG & Diploma Courses**

Old Darshana Theatre Building, Nedumkandam
Benny's Tower, Near Private Bus Stand, Rajakkad

# Call: 9605894644



## Message...

ഒരു നാടിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സെന്റ്. സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂൾ വജ്ര ജൂബിലിയാഘോഷത്തിന്റെ നിറവിലാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രതിബന്ധങ്ങളെ അവഗണിച്ച് കുടിയേറിയ പൂർവ്വികരുടെ അധ്വാനവും ചിന്തകളുമാണ് ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് നിദാനം.ആധുനിക വിദ്യാഭ്യാസത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുള്ള വ്യക്തിത്വരൂപീകരണത്തിലാണ് സാമൂഹികവളർച്ച ഔന്നത്യത്തിലെത്തുന്നത്. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ പ്രയത്നിക്കുന്ന മാനേജ്മെന്റും അധ്യാപക-അനധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർഥികളും സ്കൂളിന്റെ അഭിമാനമാണ്. ശ്രദ്ധേയമായ നേട്ടങ്ങളിലൂടെ മഹാത്മാക്കളെ വാർത്തെടുക്കുവാൻ ഈ കലാലയത്തിന് സാധിക്കട്ടെ എന്നാശംസിക്കുന്നു. ദീർഘകാലത്തെ സേവനത്തിനു ശേഷം ഔദ്യോഗികചുമതലകളിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് അനുഗ്രഹാശംസകൾ.

**സെവേരിയൻ-24**ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**മാർ.ജോൺ നെല്ലിക്കുന്നേൽ**
(ഇടുക്കി രൂപത,ബിഷപ്പ്)

## Message...



ആധുനികലോകം വിദ്യാഭ്യാസത്തിന് പുതിയ നിർവചനം അവതരിപ്പിച്ചപ്പോൾ ബോധനശാസ്ത്രത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടായി. സാങ്കേതിക വിദ്യയുടെ വളർച്ച അറിവിന്റെ മേഖലയെ വിപുലപ്പെടുത്തി വിദ്യാഭ്യാസത്തിന് കാര്യക്ഷമത വർദ്ധിപ്പിച്ചു. സാമൂഹ്യപ്രശ്നങ്ങൾ, യുദ്ധം, ജനാധിപത്യം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങൾ ക്ലാസ്മുറികളിലെ ചർച്ചകൾക്കും പ്രതികരണങ്ങൾക്കും സാധ്യതയൊരുക്കി. ശാസ്ത്രാവബോധവും ഭൗതികാവബോധവും വർദ്ധിക്കുമ്പോഴും ധാർമ്മികതയ്ക്ക് വിദ്യാർഥികൾ പ്രാധാന്യം കൊടുക്കുന്നുണ്ടോയെന്നത് ചിന്തിക്കേണ്ട വസ്തുതയാണ്. പുസ്തക വിദ്യാഭ്യാസത്തോടൊപ്പം ജീവിതമൂല്യങ്ങളും പറഞ്ഞുകൊടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർസെക്കന്ററി സ്കൂൾ പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷവും അഭിമാനവുമുണ്ട്. 2022-23 വർഷത്തെ പ്ലസ് ടു പരീക്ഷയിൽ ഇടുക്കി ജില്ലയിൽ ഒന്നാമതെത്തുവാൻ സ്ക്കൂളിന് സാധിച്ചത് മനേജ്മെന്റ്, അധ്യാപക-അനധ്യാപകർ, രക്ഷാകർത്താക്കൾ, വിദ്യാർഥികൾ എന്നിവരുടെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രയത്നത്തിന്റെ ഫലമാണ്. സ്തുത്യർഹമായ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. ലാലു തോമസ്, ഹെഡ്മിസ്ട്രസ് കരോളിൻ ജോസ്, സോഫി കെ.എസ്, മേരി ഇ.വി എന്നീ അധ്യാപകർക്ക് ആശംസകൾ നേരുന്നു. 2023-24വർഷത്തെ പ്രവർത്തനങ്ങളും, കുട്ടികളുടെ സർഗ്ഗഭാവനകളും കോർത്തിണക്കികൊണ്ട് തയ്യാറാക്കിയ സെവേരിയൻ-24ന് അനുമോദനങ്ങൾ.

**ഫാ. ജോർജ്ജ് തകിടിയേൽ**
ഞ്ഞടുക്കി രൂപത, വിദ്യാഭ്യാസ സെക്രട്ടറി)



1963 ൽ പ്രവർത്തനം ആരംഭിച്ച് വജ്രജൂബിലിയുടെ നിറവിൽ എത്തിനിൽക്കുന്ന നമ്മുടെ വിദ്യാലയം, ഇന്ന് ചരിത്രത്താളുകളിൽ തങ്കലിപികളാൽ തന്റെ നാമവും എഴുതിച്ചേർത്തിരിക്കുന്നു. ഒന്നുമില്ലായ്മയിൽ കൈകരുത്തും, മെയ്ക്കരുത്തും മാത്രം ആയുധമാക്കിയ ഒരു സമൂഹം, ചോരയിലും നീരിലും പടുത്തുയർത്തിയ നമ്മുടെ വിദ്യാലയം ഇന്ന് ജില്ലയിൽ ഒന്നാമതായി വിരാജിക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. സ്കൂളിനെ ഉന്നതിയുടെ ഉത്തുംഗശൃംഗത്തിൽ എത്തിച്ച നമ്മുടെ നാല് ഗുരുശ്രേഷ്ഠർ പടിയിറങ്ങുന്ന ഈ വേളയിൽ അവർക്ക് ദൈവാനുഗ്രഹം നേരുന്നു. സ്കൂളിന്റെ ഉയർച്ചയിൽ നിർണായക ചാലകങ്ങളായ അധ്യാപക-അനധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. എന്റെ പ്രിയ വിദ്യാർത്ഥികൾ ഇവിടെ നിന്നും പടിയിറങ്ങിയാലും ഓർമ്മയുടെ ചെപ്പുകളിൽ എന്നും തിളങ്ങുന്ന മുത്തുകളായി **സെവേരിയൻ-24** ന്റെ ഓരോ ഇതളുകളും മാറട്ടെ. അണിയറയിൽ പ്രവർത്തിച്ചവരെ പ്രത്യേകം അനുമോദിക്കുന്നു.

സ്നേഹത്തോടെ,


**ഫാ. ഫ്രാൻസിസ് ചുനയംമാക്കൽ**
(മാനേജർ)



മികവിന്റെ കേന്ദ്രമായ സെന്റ് സേവ്യേഴ്സ്, തലമുറകളെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുകയും അനേകരെ ജീവിത വിജയത്തിലേക്ക് എത്തിക്കുന്നതിനുള്ള വാതായനം ആയി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. അനേകം സുമനസ്സുകളുടെ പ്രയത്നഫലമായി പ്രതിസന്ധികളെ തരണം ചെയ്ത് കലാകായിക, ശാസ്ത്ര സാങ്കേതികവിദ്യകളുടെ ഉന്നതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു. കാലഘട്ടത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിന് പുതുതലമുറയെ സജ്ജമാക്കുക എന്ന വിദ്യാഭ്യാസ ലക്ഷ്യം നിറവേറ്റുന്നതിനുള്ള പരിശ്രമങ്ങൾ സെന്റ് സേവ്യേഴ്സ് തുടരുകയാണ്. ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുന്ന ഈ നിമിഷം ആത്മബന്ധങ്ങളും, അറിവും മൂല്യബോധവുമുള്ള സഹ പ്രവർത്തകർക്കും, പൊതുസമൂഹത്തിനും, കുഞ്ഞുങ്ങൾക്കുമൊപ്പം ഇടപഴകാൻ ദൈവം എനിക്ക് നൽകിയ അവസരങ്ങൾ ഏറെ നന്ദിയോടെ ഓർമ്മിക്കുന്നു. ലഭിച്ച പ്രോത്സാഹനങ്ങൾക്കും, സഹായ ങ്ങൾക്കും, കരുതലിനും, നല്ല ഒരുപിടി ഓർമ്മകൾക്കും കാരണമായ ഏവർക്കും, എല്ലാറ്റിനും ഉപരിയായി എന്നെ ഓരോ നിമിഷം വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിനും ഏറെ നന്ദി. പുത്തൻ പ്രതീക്ഷകളുമായി സെന്റ് സേവ്യേഴ്സിലേക്ക് കടന്നുവരുന്ന ഭാവി തലമുറയ്ക്ക് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്...

നിങ്ങളുടെ....

**കരോളിൻ ടീച്ചർ**
(H.M, S.X.H.S.S, Chemmannar)



# Principal's Desk

It is with immense joy and pride that I pen down this message for the school magazine. The dedication of our students, coupled with the tireless efforts of our esteemed faculty, has resulted in outstanding academic accomplishments. St. Xavier's has consistently striven for excellence in education, providing a holistic learning environment that goes beyond textbooks and examinations . As we embark on the diamond jubilee-celebration of our school, it is a momentous occasion to reflect on the remarkable journey of academic excellence that defines our institution. A proud moment indeed, with a 100% pass rate in the plus two result of March 2023, securing the best result in Idukki district. This accomplishment reflects the synergy between our exceptional teaching faculty and the determination of our students. It's a testament to the collaborative efforts that define St Xavier's making it a standout institution in the educational landscape . We take pride in our remarkable achievements in sports and arts, setting us apart in the district. It's a honor to receive the Best Higher Secondary School award 2023 from the corporate educational agency , diocese of Idukki. The commitment and hard work of my colleagues have been the corner stone of our success. Their passion for education has paved the way for countless success stories and I am overjoyed to witness the positive impact we continue to make. I extend my heartfelt appreciation and gratitude to the entire St Xavier's community - students , parents, staff, management - for your unwavering commitment to our shared vision of academic brilliance and character development.

This academic year holds special significance as we not only celebrate sixty glorious years of St. Xavier's but also bid farewell to some of our dedicated teachers who are retiring. Let me extend my best wishes to the esteemed colleagues retiring alongside me. Dear teachers, your dedication has been a guiding light to many generations. Your contribution have been invaluable and your legacy will undoubtedly resonate in the corridors of our school. May your well - deserved retirement be as fulfilling as the years of dedication you have poured into shaping young minds.

I conclude .. gratitude fills my heart as I express my thanks to my colleagues and friends for the years of love and support they have generously bestowed upon me. I extend my sincere thanks to the management for their unwavering support throughout this journey. Together, let us further enrich the long tradition of academic brilliance and the cultivation of character that has been the hallmark of St Xavier's higher secondary school for the past six decades .

*Wishing you all continued success and fulfillment in your endeavours.*

With heartfull thanks.
**Dr. Lalu Thomas**

## HSS STAFF



## HS STAFF



## PTA



## OUR BUS MEN



# യാത്രാമംഗളങ്ങൾ...



**ഡോ. ലാലു തോമസ്**
പ്രിൻസിപ്പാൾ



**കരോളിൻ ജോസ്**
ഹെഡ്മിസ്ട്രസ്സ്



**സോഫി കെ.എസ്**
എച്ച്.എസ്.എസ്.റ്റി



**മേരി ഇ.വി.**
എൽ.പി.എസ്.റ്റി

# Editorial Board



**സിജോ ജോൺ**
എച്ച്.എസ്.എസ്.റ്റി



**അജോ പി ജോസ്**
എച്ച്.എസ്.എസ്.റ്റി




ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ
ഏറ്റവും മികച്ച ഹയർ സെക്കന്ററി അധ്യാപകനുള്ള
അവാർഡ് സ്കൂൾ പ്രിൻസിപ്പാൾ
**ഡോ. ലാലു തോമസ്**
അഭിവന്ദ്യ പിതാവിൽ നിന്നും സ്വീകരിക്കുന്നു



ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ ഏറ്റവും മികച്ച ഹയർ സെക്കന്ററി **സ്കൂളിനുള്ള അവാർഡ്** അഭിവന്ദ്യ പിതാവിൽ നിന്നും ഏറ്റുവാങ്ങുന്നു.



മോചന ഡി അഡിക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന സംസ്ഥാനതല മത്സരത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച **സ്കൂളിനുള്ള പുരസ്കാരം** അഡ്വ. ചാണ്ടി ഉമ്മൻ എം.എൽ.എ യിൽ നിന്നും ഏറ്റുവാങ്ങുന്നു.

# പ്രതിഭകൾ

## സംസ്ഥാനതല കലാമത്സരങ്ങളിൽ A ഗ്രേഡ് കരസ്ഥമാക്കിയവർ


നസ്രിൻ ഇബ്രാഹിം


ജീവ ജിജോ


മോചന ഡി അഡിക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന സംസ്ഥാനതല ഉപന്യാസ മത്സര വിജയി


പ്ലസ് വൺ പരീക്ഷയിൽ 600/600 മാർക്ക് നേടിയ അമല സജിയെ(കൊമേഴ്സ്) കേരള കൊമേഴ്സ് ഫോറം ആദരിക്കുന്നു.

## സംസ്ഥാനതല കായിക മത്സരങ്ങളിൽ പങ്കെടുത്തവർ


എമിലിൻ മരിയ സജി



റിച്ചാർഡ് ഷൈമോൻ



എമിൽഡ അന്ന ചാക്കോ



അപർണ സുനിൽ


സീനിയർ ഖോ-ഖോ ടീം

സംസ്ഥാനതല കെ.സി.എസ്.എൽ മത്സരത്തിൽ പങ്കെടുത്തവർ


കെ.സി.എസ്.എൽ ആന്തം ടീം


ജീവ ജിജോ


അറ്റ്ലാന്റ പി.വി

### സംസ്ഥാനതല മേളകളിൽ പങ്കെടുത്തവർ


ആഷ്ന ജോണി


ജിസ്നാമോൾ ജോസഫ്


അലൻ സാജു


ജീവ ജിജോ


ഡിക്സൺ ജോസ് സെബാസ്റ്റ്യൻ


ജോയൽ ജിജോ


എൻ.സി.സി നാഷ്ണൽ ക്യാമ്പിൽ പങ്കെടുത്തവർ

## NCC



ഏഷ്യയിലെ ഏറ്റവും വലിയ യുവജന സംഘടനയായ NCC (National cadet corps) യുടെ ഇടുക്കി ജില്ലയിലെ ഏറ്റവും വലിയ യൂണിറ്റുകളിൽ ഒന്നാണ് സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്നത്. സീനിയർ ഡിവിഷനിൽ 108 കുട്ടികളാണ് ഓരോ വർഷവും പരിശീലനം നേടുന്നത്. ട്രെയിനിങ്ങിന്റെ ഭാഗമായി ആർമി സ്റ്റാഫ് എത്തി എല്ലാ ആഴ്ചയിലും ഫിസിക്കൽ എക്സർസൈസ്, ക്ലാസുകൾ, പരേഡുകൾ മുതലായവ നൽകുന്നു. പ്രഗൽഭരായ കുട്ടികളെ തിരഞ്ഞെടുത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന നാഷണൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്നു. ഈ വർഷം 6 കുട്ടികൾ സ്കൂളിൽ നിന്ന് ഗുജറാത്ത് മുതലായ സംസ്ഥാനങ്ങളിൽ നടന്ന നാഷണൽ ക്യാമ്പുകളിൽ പങ്കെടുത്തു. സംഘടനയുടെ ഭാഗമായി വിവിധ സോഷ്യൽ സർവീസ് ആക്ടിവിറ്റികൾ നടത്തപ്പെടുന്നു. ബോധവൽക്കരണറാലികൾ, ശുചീകരണപ്രവർത്തനങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, സൂചനബോർഡ് വൃത്തിയാക്കൽ തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ കേഡറ്റുകൾ സജീവമായി പങ്കെടുക്കുന്നു. എൻ. സി.സിയിൽ ചേർന്ന് രണ്ടുവർഷം പരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് Army, Airforce, Navy, Indian Telecommunication, Public Service Commission തുടങ്ങി വിവിധ മേഖലകളിൽ ജോലിക്ക് മുൻതൂക്കം നൽകുന്നു. അതുപോലെ തന്നെ ഉപരിപഠനത്തിന് വെയിറ്റേജ്മാർക്കും നൽകപ്പെടുന്നു. 80 ശതമാനത്തിൽ കൂടുതൽ അറ്റൻഡൻസ് ഉള്ള കുട്ടികൾക്ക് ഹയർ സെക്കന്ററിയിലും ഗ്രേസ് മാർക്ക് നൽകുന്നു. എൻ.സി.സി ഓഫീസർ, Capt. ജയൻ പി.സി എൻ.സി.സി സീനിയർ ഡിവിഷന്റെ ചാർജ് വഹിക്കുന്നു.

## NSS




ഭാരതസർക്കാരിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് നാഷണൽ സർവ്വീസ് സ്കീം. വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ഇടയിൽ സമൂഹത്തിനോടുള്ള സേവനസന്നദ്ധതാ മനോഭാവം വളർത്താൻ ഉദ്ദേശിച്ചാണ് ഈ സംഘടന സ്ഥാപിതമായത്. 'നോട്ട് മീ ബട്ട് യു' എന്നതാണ് എൻ.എസ്.എസിന്റെ ആപ്തവാക്യം. ചെമ്മണ്ണാർ സെന്റ്. സേവ്യഴ്സ് ഹയർ സെക്കന്ററി സ്കൂൾ നാഷണൽ സർവ്വീസ് സ്കീമിൽ 100 വോളണ്ടിയർമാർ പ്രവർത്തിക്കുന്നു. ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിച്ച് നൽകൽ, നെടുംകണ്ടം അസ്സീസി സ്നേഹാശ്രമത്തിൽ മാസംതോറും കൊടുക്കുന്ന ഉച്ചഭക്ഷണം, റോഡ് സുരക്ഷാ കണ്ണാടി സ്ഥാപിക്കൽ, വെയ്റ്റിംഗ് ഷെഡ് ക്ലീനിംഗ്, KSRTC ബസ് കഴുകൽ, ബസ്സ്റ്റേഷൻ വൃത്തിയാക്കൽ, വില്ലേജ് ഒഫീസ് പരിസരങ്ങളിൽ സ്നേഹാരാമം നിർമ്മിക്കൽ, മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വൃത്തിയാക്കി പൂന്തോട്ടങ്ങളും, ഇരിപ്പിടങ്ങളും നിർമ്മിക്കൽ തുടങ്ങിയവ 2023-24 അധ്യായന വർഷത്തിൽ എൻ.എസ്. എസ് ചെയ്ത സമൂഹിക ശ്രദ്ധയാ കർഷിച്ച ചില പ്രവർത്തനങ്ങളാണ്. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെയും, നെടുങ്കണ്ടം ലയൺസ് ക്ലബ്ബിന്റെയും സഹകരണത്തോടെ സൗജന്യ നേത്രപരിശോധന ക്യാമ്പ് നടത്തി. 453 പേർ ക്യാമ്പിൽ പങ്കെടുത്തു. തിരഞ്ഞെടുത്ത 33 രോഗികൾക്ക് സൗജന്യ നിരക്കിൽ തിമിര ശസ്ത്രക്രിയ നടത്തുവാൻ സാധിച്ചു. പ്രോഗ്രാം ഓഫീസറായി ഷെറിൻ മാത്യു സേവനം ചെയ്യുന്നു.

## Bharat Scouts and Guides




കുട്ടികളുടെ സമഗ്ര വളർച്ചയെ മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ വർഷം ഹയർ സെക്കന്ററി വിഭാഗത്തിൽ റോവർ വിംഗ് സെപ്റ്റംബർ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. റോഡ് സുരക്ഷ അവബോധ പരിപാടി, ചെമ്മണ്ണാർ ടൗണിൽ സിഗ്നൽ ക്ലീനിംഗ്, Pain and Palliative care ആയി ബന്ധപ്പെട്ട് ഗുഡ് സമരിറ്റൻ അതിഥി മന്ദിരം സന്ദർശിക്കൽ, സാമ്പത്തിക സഹായം, നെടുംകണ്ടത്തെ ആകാശപ്പറവ സന്ദർശിച്ച് ഭക്ഷണം നൽകൽ, വസ്ത്രം നൽകൽ, ചെമ്മണ്ണാർ സ്കൂളിനടുത്തുള്ള വീട്ടിലെ രോഗികളെ സന്ദർശിക്കൽ, ലഹരിവിമുക്ത പ്രവർത്തിനങ്ങളുമായി ബന്ധപ്പെട്ട് ഇൻസ്റ്റഗ്രാം പേജ് നിർമ്മാണം, നെടുംങ്കണ്ടം എക്സൈസുമായി സഹകരിച്ച് ലഹരിക്കെതിരെ ബോധവത്ക്കരണം, ലഘുലേഖ വിതരണം, റോവർ ബോധവത്കരണ സെമിനാർ എന്നിവ നടത്തി. 2023 നവംബർ 22,23,24, തീയതികളിൽ ത്രിദിന സ്കൗട്ട്സ് & ഗൈഡ്സ് ക്യാമ്പ് സ്കൂളിൽ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് റോവർ സ്കൗട്ട് ലീഡർ ഷാബിൻ മാത്യു, ഗൈഡ് ക്യാപ്റ്റൻ സോഫി കെ.സ് എന്നിവരാണ്.

## Souhrida Club




കൗമാരപ്രായക്കാരായ കുട്ടികളുടെ വൈകാരിക പ്രശ്നങ്ങൾക്കും സാമൂഹിക ഇടപെടലുകൾക്കും ഊന്നൽ നൽകി കുട്ടികൾക്കും മാതാപിതാക്കൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന വിധത്തിലുള്ള ക്ലാസുകൾ നടത്തി വരുന്നു. സൗഹൃദ ക്ലബ്ബ് സിനി ജോസ് ടീച്ചറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

## Career Guidance



ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ കോഴ്സുകളെയും അവയുടെ ജോലി സാധ്യതകളെയും കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനും, ഓരോരുത്തർക്കും തങ്ങളുടെ അഭിരുചിക്കിണങ്ങിയ കോഴ്സുകൾ കണ്ടെത്തുന്നതിനും, അതിന്റെ പ്രവേശന പരീക്ഷകളെയും, കോളേജുകളെയും മനസ്സിലാക്കുന്നതിനും സഹായിക്കുന്ന കരിയർ ഗൈഡൻസ് സെൽ, ജിന്റുമോൾ വർഗീസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ഈ ക്ലബ്ബിന്റെ ഭാഗമായി വിവിധ സെമിനാറുകളും പരിശീലന പരിപാടികളും നടത്തപ്പെടുന്നു.

## Sports Club



കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് സ്പോർട്സ് ക്ലബ് പ്രവർത്തിച്ചു വരുന്നു. **"ഊർജ്ജ 2K23"** എന്ന പേരിൽ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം ദേശീയ പാരാ ഒളിമ്പിക്സ് ജേതാവും, ലിറ്റിൽ പീപ്പിൾസ് ഫെഡറേഷൻ മെമ്പറും, സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. സനൽ പുന്നക്കുന്നേൽ നിർവഹിച്ചു. സ്കൂൾ ഗെയിംസിന്റെ ഭാഗമായുള്ള ഹോക്കി ചാമ്പ്യൻഷിപ്പിൽ നെടുങ്കണ്ടം ഉപ

ജില്ലയിൽ നിന്നും സെലക്ഷൻ ലഭിച്ച സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലെ 56 കുട്ടികൾ മുതലക്കോടത്ത് വച്ചു നടന്ന റവന്യു ജില്ലാ മത്സരത്തിൽ പങ്കെടുത്തു. സബ്ജൂണിയർ ഗേൾസ്, സീനിയർ ബോയ്സ് എന്നിവർ ചാമ്പ്യന്മാരും സബ്ജൂണിയർ ബോയ്സ്, ജൂണിയർ ബോയ്സ് എന്നിവർ റണ്ണേഴ്സ്അപ്പും ആയി. ജില്ലയിൽ നിന്നും സെലക്ഷൻ ലഭിച്ച 36 കുട്ടികൾ കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ വച്ച് നടന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുത്തു. സേനാപതിയിൽ വെച്ച് നടന്ന നെടുങ്കണ്ടം ഉപജില്ല ഖോ-ഖോ ചാമ്പ്യൻഷിപ്പിൽ ജൂണിയർ, സീനിയർ വിഭാഗം ആൺകുട്ടികൾ പങ്കെടുത്തു ചാമ്പ്യൻമാരായി. സബ്ജൂണിയർ പെൺകുട്ടികളും ജൂണിയർ ആൺകുട്ടികളും റണ്ണേഴ്സ്അപ്പ് ആയി. മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ വെച്ച് നടന്ന സംസ്ഥാന ഖോ-ഖോ മത്സരത്തിൽ ഏഴ് കുട്ടികൾ പങ്കെടുത്തു. സീനിയർ വിഭാഗത്തിൽ മത്സരിച്ച ആൽബിൻ ബിജു, ജയ്സൺ ബേബി തോമസ് എന്നിവർ എട്ടാം സ്ഥാനവും ഗ്രേസ് മാർക്കിന് യോഗ്യതയും നേടി. നെടുങ്കണ്ടം ഉപജില്ല കായികമേളയിൽ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിൽ നിന്നായി 104 കുട്ടികൾ പങ്കെടുത്തു. 326 പോയിന്റ് നേടി സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. 42 കുട്ടികൾക്ക് മുതലക്കോടത്ത് വച്ച് നടന്ന ജില്ലാമത്സരത്തിൽ പങ്കെടുക്കാനുള്ള യോഗ്യതയും ലഭിച്ചു. സംസ്ഥാനതല കായികമേളയിലേയ്ക്ക് നാല് കുട്ടികൾ അർഹത നേടി. സ്കൂൾ കായിക അധ്യാപികയായി ഷൈന ജോസ് സേവനം അനുഷ്ഠിക്കുന്നു. ഹയർ സെക്കന്ററി കോർഡിനേറ്റർമാരായി അജോ പി.ജോസ്, സിജോ ജോൺ എന്നിവർ നേതൃത്വം നൽകുന്നു.

## Arts Club



വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളും കലാസാഹിത്യ അഭിരുചികളും വളർത്തുന്നതിനായി പ്രവർത്തിക്കുന്ന ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രമുഖ സാഹിത്യകാരൻ ശ്രീ. ജിജോ രാജകുമാരി നിർവഹിച്ചു. സ്കൂൾതല യുവജനോ ത്സവം **'വർണ്ണം 2K23'** എന്ന പേരിൽ സെപ്റ്റംബർ 29 ന് നടത്തപ്പെട്ടു. നെടുങ്കണ്ടം ഉപജില്ലാ കലോത്സവത്തിൽ സ്കൂളിൽ നിന്നും 64 കുട്ടികൾ പങ്കെടുത്തു. 182 പോയിന്റുകൾ നേടി സ്കൂൾ 1st Runners up കിരീടം ചൂടി. കട്ടപ്പനയിൽ വെച്ച് നടന്ന റവന്യൂ ജില്ലാ കലോത്സവത്തിൽ 43 കുട്ടികൾ പങ്കെടുത്തു. 87 പോയിന്റുകളോടു കൂടി എച്ച്.എസ്.എസ് വിഭാഗത്തിൽ അഞ്ചാം സ്ഥാനം കരസ്ഥ മാക്കാനും സാധിച്ചു. ജീവ ജിജോ, നസ്രിൻ ഇബ്രാഹീം എന്നീ വിദ്യാർഥിനികൾ സംസ്ഥാന കലോത്സ വത്തിൽ പങ്കെടുത്ത് A ഗ്രേഡ് നേടി. സി. ഡോണ N.S, ഡിന്റോമോൻ ജോസ് എന്നിവർ നേതൃത്വം നൽകുന്നു.

## KCSL




വിശ്വാസം, പഠനം, സേവനം എന്നിവയിലൂടെ ക്രിസ്തുവിൽ വളരാൻ സഹായിക്കുന്നതിനും, ജീവിതത്തിൽ സുവിശേഷ മൂല്യങ്ങൾ പിന്തുടരുന്ന ഉത്തമപൗരന്മാരാക്കി കുട്ടികളെ വളർത്തുന്നതിന് സഹായിക്കുകയും ചെയ്യുന്ന ഒരു കത്തോലിക്കാ വിദ്യാർത്ഥി പ്രസ്ഥാനമാണ് KCSL. ഈ പ്രസ്ഥാനത്തിന്റ മഹനീയ ലക്ഷ്യം ഉൾക്കൊണ്ടു കൊണ്ട് സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. രൂപത കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാനതല കവിതാരചന മത്സരത്തിൽ ജീവ ജിജോ ഒന്നാം സ്ഥാനവും, ചിത്രരചന മത്സരത്തിൽ അറ്റ്ലാന്റ പി.വി

രണ്ടാം സ്ഥാ നവും കരസ്ഥമാക്കി. KCSL ആന്തം ടീം സംസ്ഥാനതല മത്സരത്തിന് അർഹത നേടി. അനിമേറ്റർ സ്മിതമോൾ കെ വി KCSL പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## Anti Narcotics Club

**(MAN- Movement Against Narcotics).**




വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിൽ നിന്നും സമൂഹത്തെ ബോധവന്മാരാക്കുക, യുവതലമുറയെ ലഹരിയിൽനിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ ക്ലബ് സജീവമായി പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലാ ലീഗൽ സർവീസ് അഥോറിറ്റി, വിമുക്തി, യോദ്ധാവ്, എന്നിങ്ങനെ വിവിധങ്ങളായ സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെയാണ് ലഹരി വിരുദ്ധ ക്ലബ് പ്രവർത്തനം നടത്തുന്നത്. മാതാപിതാക്കൾക്കും കുട്ടികൾക്കുമായി ലഹരി ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രത്യേക സെമിനാറുകൾ, മത്സരങ്ങൾ, പൊതുജന ങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ അസംബ്ലി, പോസ്റ്റർ രചനാ മത്സരം, ക്വിസ് മത്സരം, അടിക്കുറിപ്പ് മത്സരം, ലഹരിവിരുദ്ധനൃത്തം, ടാബ്ലോ, ഫ്ലോട്ട് തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ക്ലബ് സജീവമായി പ്രവർത്തിക്കുന്നു. കൊമേഴ്സ് അദ്ധ്യാപകനായ അനിൽ ജോസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ED Club



കുട്ടികളിലെ വ്യത്യസ്ത സംരംഭക നൈപുണ്യത്തെ തിരിച്ചറിയു വാനും അവ വളർത്തിയെടുത്തുകൊണ്ട് തൊഴിലാളിയിൽനിന്നും തൊഴിൽ ദാതാവാകുക എന്ന ലക്ഷ്യത്തോടെ 47 കുട്ടികൾ അംഗങ്ങളായുള്ള സംരംഭക ക്ലബ് പ്രവർത്തിക്കുന്നു. നൂതന മാർക്കറ്റിങ് സാധ്യതകളായ കൂൺ കൃഷി പരിശീലനം, സോപ്പ് നിർമാണം, കേക്ക് നിർമ്മാണവും വിപണ സാധ്യതകളും തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് ക്ലബ് നേതൃത്വം നൽകുന്നു. സ്മിത തോമസ്, അനിൽ ജോസ് എന്നിവരുടെ നേതൃത്വത്തിൽ പ്രായോഗിക പരിശീലനം നൽകുന്നു.

**MATHEMATICS CLUB**
സബ് ജില്ലയിൽ ഓവറോൾ
സംസ്ഥാനതലത്തിൽ
2 A GRADE

**SCIENCE CLUB**
സബ് ജില്ലയിൽ ഓവറോൾ
സംസ്ഥാനതലത്തിൽ
2 A GRADE

**IT CLUB**
സബ് ജില്ലയിൽ
3–ാം സ്ഥാനം

**ARTS CLUB**
സബ് ജില്ലയിൽ 2–ാം സ്ഥാനം
സംസ്ഥാനതലത്തിൽ
2 A GRADE

**SPORTS CLUB**
സബ് ജില്ലയിൽ ഓവറോൾ
സംസ്ഥാനതലത്തിൽ
5 പേർ പങ്കെടുത്തു

**WORK EXPERIENCE CLUB**
സബ് ജില്ലയിൽ 2–ാം സ്ഥാനം
സംസ്ഥാനതലത്തിൽ
1 A GRADE

**SOCIAL SCIENCE CLUB**
സബ് ജില്ലയിൽ 2–ാം സ്ഥാനം
സംസ്ഥാനതലത്തിൽ
1 A GRADE

# FULL A+ WINNERS



ALAN PRINCE | EDWIN JOY | HIMAL SABU | MELBA JAMES | ROSE MARIYA SANTHOSH | THERESA BABY | DELLA MICHAEL

MARIA VIJU | ANITT GEORGE | SANIYA SABU | SOBIN SEBASTIAN | SUBITHA M S | SUMINA K S | ASHINA MA

GANGA P NAIR | LAYAMOL JOSHY | RAYS SAJI | SNEHA FRANCIS | GLADYS SABU | HRUDYA MANOJ | PRANAV P

ANUSREE RAJESH | ALBY BIJU | ABIA BIJOY | AGNES GEORGE | EBIN RAJ | ANNAMOL KANNAN | ANITTA GEORGE




# THE HEART OF XAVERIAN

## PLUS ONE



COMMERCE



SCIENCE



HOME SCIENCE



HUMANITIES

# THE HEART OF XAVERIAN

## PLUS TWO



COMMERCE



SCIENCE



HOME SCIENCE



HUMANITIES

# ഗുരുചരണം




അമ്മ മനസ്സിന്റെ സ്നേഹാർദ്ര ഭാവങ്ങൾ ഒപ്പിയെടുത്ത നല്ല മനസ്സിന്റെ ഉടമയാണ് ഞങ്ങളുടെ കരോളിൻ ടീച്ചർ. തന്റെ മുന്നിൽ എത്തുന്ന ഒരു ശിഷ്യനെ പോലും വേർതിരിവിന്റെ അതിരുകളില്ലാതെ ഒരുമയോടെ കാണാൻ ടീച്ചറിന് കഴിഞ്ഞിരുന്നു.

പിൻബെഞ്ചിന്റെ ഒറ്റപ്പെടലിലേക്ക് ആഴ്ന്നിറങ്ങാൻ കൊതിക്കുന്ന സങ്കട ബാല്യങ്ങളെ കരുണയുടെ കരം പിടിച്ച് തന്നോട് ചേർത്ത് മുന്നോട്ടു നയിക്കാൻ ടീച്ചറിന് പ്രത്യേക പാടവം ഉണ്ടായിരുന്നു. അറിവ് പകർന്നു കൊടുക്കുന്നതിൽ ടീച്ചർ കർക്കശക്കാരി തന്നെയായിരുന്നു. ശാസ്ത്രത്തെയും അതിന്റെ വളർച്ചയെയും സമകാലിനതയുടെ ചിറകിലേറ്റി കയ്യെത്തി പിടിക്കാൻ ടീച്ചർ ഞങ്ങളെ സഹായിച്ചു. ശാസ്ത്രത്തിന്റെ പുതിയ മേച്ചിൽ പുറങ്ങൾ ഞങ്ങൾ കണ്ടെത്തിയത് ടീച്ചറിന്റെ ചിന്തകളിലൂടെയായിരുന്നു.



ടീച്ചറിന്റെ ക്ലാസ്സിൽ ഇരുന്ന് പഠിച്ച് അതേ വിദ്യാലയത്തിൽ ടീച്ചറിനോടൊപ്പം പ്രവർത്തിക്കുമ്പോഴും എന്റെ മനസ്സിൽ ഓടിയെത്തുന്ന നനുത്ത ചിത്രം ആ ക്ലാസ്സിൽ ഇരുത്തി പഠിപ്പിച്ച ടീച്ചറിന്റെയും കുട്ടിയുടെയും രൂപഭാവങ്ങളാണ്. ഇന്ന് സഹ പ്രവർത്തകയായികൂടെ നിൽക്കുമ്പോൾ എങ്ങനെ പഠിപ്പിക്കണം എന്നും കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും സ്നേഹിക്കണമെന്നും ഞാൻ വായിച്ചറിയുന്നത് ടീച്ചറിന്റെ ജീവിത പുസ്തകത്തിൽ നിന്നാ യിരുന്നു. അറിവിന്റെ പ്രകാശം എനിക്ക് പകർന്നു തന്ന എന്റെ പ്രിയ പ്പെട്ട അധ്യാപികയ്ക്ക് സ്നേഹാർദ്രമായി നേരുന്നു യാത്രാ മംഗളങ്ങൾ.

**അമല അനി വർഗ്ഗീസ്**
പൂർവ വിദ്യാർത്ഥി, അധ്യാപിക





Cherupushpam
Offset Printers

Little Flower Social Centre, Assisi Junction, Aluva, Ernakulam - 683101, (Near SP Office)
cherupushpampress@gmail.com 8943482542


JYOTHIS
ITC
BE THE LIGHT OF THE WORLD
JYOTHIS ITC
കോഴ്സുകൾ
ഇലക്ട്രിക്കൽ എൻജിനീയറിംഗ്
(KGCE - 2 year)
ഓട്ടോമൊബൈൽ എൻജിനീയറിംഗ്
(KGCE - 2 year)
പ്രവേശന യോഗ്യത SSLC,+2
സീറ്റുകൾ പരിമിതം.
കുടുംബത്തിലെ നാലാമത്തെ കുട്ടിക്ക് 50% ഫീസ് ഇളവ്.
9447788666
9544901900
എല്ലാവിധ യാത്രാ വാഹനങ്ങൾക്കും
JYOTHIS
TOURS & TRAVELS
9946851499
7593901900
8593901900
൨൦൦ഏക്കർ, അടിമാലി
JYOTHIS HOLIDAYS
A/C AIR BUS

# ശിൽപി



ചുറ്റും തിരിഞ്ഞു ഞാൻ വട്ടംകറങ്ങി ആരുമില്ലെന്നറിഞ്ഞ
നേരങ്ങളിലൊക്കെയും, കണ്ടത് ശിൽപ്പീ നിൻ രൂപവും ഭാവവും.
തൊട്ടതുനീ തന്നെയെന്നറിഞ്ഞ നിമിഷങ്ങളിലൊക്കെയും,
കണ്ടത് ശിൽപ്പി തൻ കരുണാർദ്രഭാവം
നല്ലെതെന്നു തോന്നിയതൊക്കെയും പൂർണ്ണമല്ലെന്നറിഞ്ഞപ്പോഴും
കണ്ടത് നല്ലതും ചീത്തയും തമ്മിലുള്ളന്തരം. വളരെ ചെറുതെന്ന്
പ്രബഞ്ചമാം കളിസ്ഥലത്തോടി നടക്കുന്നവരൊക്കെയും,
വീഴുന്നു കേഴുന്നു പലവട്ടം വിവശരായ്
ഇഷ്ടമില്ലാർക്കുമെ രൗദ്രഭാവമെങ്കിലും വാർത്തെടുക്കുന്നു
ശിൽപ്പി തൻ പ്രിയരേവരേയും പ്രേമാർദ്രമായ്
വീഴ്ച്ചകൾ താഴ്ച്ചകളൊക്കെയും ശിൽപ്പിതൻ
പച്ചകൊടികീഴിലെന്നറിയുന്ന ജ്ഞാനിയോ വിരളം.
ജീവിതം പച്ചപിടിച്ചവർക്കൊക്കെയും
നോക്കുവാനിഷ്ടം മുകളിലേക്കു തന്നെ.
വീഴ്ച്ചകൾ താഴ്ച്ചകൾ പലവട്ടം കണ്ടവരോ
തിരിഞ്ഞുനോക്കുന്നലിവുകാട്ടുവാനായ് വെമ്പുന്നു.
ജീവികളൊക്കെയും മുമ്പേ നടക്കുവാൻ വെമ്പുന്നുവെന്നാകിലും,
പിമ്പേ നടക്കുന്നവരൊക്കെയും ഏറെ കാണുന്നു, അറിയുന്നു.
ജീവിതമാം വണ്ടി കൊണ്ടെത്തിച്ച ദിക്കുകളൊക്കെയും,
ശിൽപ്പി നീ കൂടെ നടന്ന കഥകളൊക്കെയും മറക്കുവാനാവതല്ല.
ഇനിയുമീ ചലിക്കുന്ന വണ്ടിയിൽ  നേരെ പോകണം,
തിരിഞ്ഞുനോക്കിക്കൊണ്ടേയിരിക്കുവാനേറെയിഷ്ടം.....

**സോഫി കെ. എസ്.**



# സമദർശനത്തിന്റെ ഗുരുഭാവം



ലാലു സാറും പടിയിറങ്ങുകയാണ്........

ഓർത്തെടുക്കാൻ ഒന്നുമില്ലാത്തതുകൊണ്ടല്ല, ലാലു സാറിനു മാത്രം സാധ്യമായ അസാധ്യങ്ങളിൽ ഏതിനെ ആദ്യം വയ്ക്കണം എന്ന ആശങ്കയാണ്. ദൃശ്യമിക വാർന്ന ചലച്ചിത്രം പോലെ ക്ലാസിലെ ശബ്ദചിത്ര ങ്ങളുടെ ആകർഷണീയത വിദ്യാർത്ഥിക്ക് മറക്കാ നാവാത്ത അനുഭവമാണെങ്കിലും; പിൻബഞ്ചോളമെ ത്തുന്ന ആ നോട്ടങ്ങൾക്കും വിളികൾക്കും മാത്രം സാധ്യ മായ ചില ചെറുതുകൾ ഞങ്ങൾ വിദ്യാർത്ഥി കൾക്ക് എക്കാലത്തും മനസു നിറഞ്ഞ മഹാകാര്യങ്ങളാ യിരുന്നു.

മുൻകാലത്ത് പിൻബഞ്ചിൽ നിന്ന് കൃഷിയിട ത്തിലേയ്ക്കോ കച്ചവടസ്ഥലത്തേയ്ക്കോ ഭാഗ്യപരീക്ഷ ണത്തിനു നിൽക്കാതെ ഇറങ്ങിത്തിരിക്കുമായിരുന്ന ശരാശരി ഹൈറേഞ്ചുകാരിൽ ആകാശത്തോളം വിശാ ലമായ സ്വപ്നങ്ങൾ കുത്തിനിറച്ചപ്പോൾ, തന്റെ മുന്നി ലെത്തിയവരിൽ ഒരാൾ പോലും ജീവിതത്തിൽ പരാജയ പ്പെടരുതെന്ന് തെല്ലൊരു നിർബന്ധബുദ്ധിയോടെ അദ്ദേഹം തീരുമാനിച്ചിരുന്നിരിക്കും. ഏറ്റവും വിരസമാ കാവുന്ന രാഷ്ട്രഭാഷയെ വിദ്യാർത്ഥിയുടെ ഹൃദയ ത്തിലുറപ്പിച്ചത് വീണ്ടും കാണാൻ കൊതിക്കുന്ന ചലച്ചിത്രം പോലെ സാർ ക്ലാസ് മുറിയിൽ സൃഷ്ടിച്ചിരുന്ന വാങ്മയ ചിത്രങ്ങളുടെ ധാരാളിത്തമാണ്. കാലമെത്ര കഴിഞ്ഞാലും പേരെടുത്തു വിളിക്കാൻ തക്ക ഇഴയടു പ്പമുണ്ട് ലാലു സാറിന് തന്റെ വിദ്യാർത്ഥികളോരോ രുത്തരുമായി, അവരുടെ മാതാപിതാക്കളുമായി ....

അറിവും അലിവും സമവായപ്പെട്ട മനസ്, പക്വമായ സമീപനത്തിലൂടെ നേടിയെടുത്ത സ്വീകാര്യത, സാധ്യ മായ സാഹചര്യങ്ങളെയാകെ ഞങ്ങൾ വിദ്യാർത്ഥി കളുടെ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയ സ്ഥിരോത്സാഹം, കാലത്തോടൊപ്പം വളർന്ന കർമ്മകു ശലത, ആത്മബലം കൊണ്ട് പിഴയ്ക്കാത്ത ചുവടുവയ് പുകൾ, തീരുമാനങ്ങളിലെ കൃത്യത, ഏതർത്ഥത്തിലും മാതൃകയും പ്രചോദനവുമായ ജീവിതം. ഗുരു എന്ന് വിളിക്കപ്പെടാൻ സർവഥാ യോഗ്യനാണ് ഞങ്ങൾക്ക് പ്രിയപ്പെട്ട ലാലു സാർ. ഇതെല്ലാമായിരിക്കുമ്പോഴും അധ്യാപനത്തിലെ ഈ അദ്ഭുത പ്രതിഭയെ അതുല്യനാ ക്കുന്നത് ക്ലാസ് മുറിയിലും പുറത്തും അദ്ദേഹം പുലർത്തിയ സമഭാവനയാണ്. ഞങ്ങളുടെ ഹൃദയ ത്തോളമെത്തുന്ന നോട്ടങ്ങൾ നൽകിയ ചിന്തകൾക്കും, സ്വപ്നങ്ങൾക്കും, അഭിരുചികൾക്കും, കഴിവുകൾക്കു മെല്ലാം വളർന്നു പാകപ്പെടാൻ നിലമൊരുക്കിത്തന്ന് നല്ല വിളവിന് പ്രാർത്ഥിച്ച നല്ല ഗുരുനാഥൻ. സമാനതകളി ല്ലാത്ത വ്യക്തിത്വമായ ലാലു സാർ എന്നും വിദ്യാർ ത്ഥികളുടെ മനസിൽ ഇടം പിടിച്ച നല്ല അധ്യാപകനാണ്.

**ജെയിംസ് മാമ്പള്ളിൽ**
പൂർവ്വവിദ്യാർത്ഥി
എച്ച്.എസ്.എസ്.റ്റി, ഹിന്ദി





# ലഹരി ഉപയോഗവും വിദ്യാർത്ഥികളും

## രാഷ്ട്രീയ സംസ്കാരിക പശ്ചാത്തലത്തിൽ

ലോകരാജ്യങ്ങൾ ഇന്ത്യയെ വീക്ഷിച്ച് അസൂയയോടെ മൊഴിയുന്ന പദമാണ് 'യുവാക്കളുടെ ഇന്ത്യ'. ലോകത്ത് ഏറ്റവും കൂടുതൽ യുവാക്കൾ വസിക്കുന്ന രാഷ്ട്രം ആയതിനാൽ ആണ് ഈ ഓമനപ്പേരിന് നാം അർഹമായത്. വളർന്നുവരുന്ന യുവതലമുറയുടെ സാന്നിധ്യത്തിന്റെ തോതനുസരിച്ച് ആണ് ഭാവി ഇന്ത്യയുടെ വളർച്ചയും തളർച്ചയും വിലയിരുത്തപ്പെടുക. ഇന്ന് വിദ്യാഭ്യാസത്തിനും, തൊഴിലവസരങ്ങൾക്കുമായി അനന്ത സാധ്യതകളാണ് നമ്മുടെ യുവതലമുറയുടെ മുന്നിൽ തുറന്നു കിടക്കുന്നത്. എന്നാൽ പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ വീക്ഷിക്കുമ്പോൾ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'അറിവുണ്ടായിട്ടും തിരിച്ചറിവില്ലാത്ത ഒരു സമൂഹത്തിലാണോ നാം ഇന്ന് ജീവിക്കുന്നത്.? ലഹരി വസ്തുക്കൾക്ക് അടിമകളായി നാടും വീടും നരകം ആക്കുന്നവരെ നമുക്ക് ചുറ്റും കാണുന്നതുകൊണ്ട് ഉയരുന്ന ചോദ്യമാണിത്. നമുക്ക് ചുറ്റും കാണുന്ന സങ്കടക്കാഴ്ചകൾ നമ്മെ വേദനിപ്പിക്കുമ്പോൾ നമ്മൾ എങ്ങനെ മൗനം അവലംബിക്കും. യുവതലമുറയുടെ ലഹരി ഉപയോഗം മൂലം നശിക്കുന്നത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും വലിയ പ്രതീക്ഷകളാണ്, നാളെയുടെ സ്വപ്നങ്ങളാണ്. ഒരു തുണ്ടുകയറിലും, സാരിത്തുമ്പിലും, റെയിൽവേ പാളങ്ങളിലും ജീവിതം അവസാനിപ്പിക്കുന്ന യുവത്വങ്ങളിൽ ഏറെയും ലഹരിയുടെ അടിമകൾ ആണെന്ന വസ്തുത നാം ഗൗരവത്തോടെ കാണേണ്ടതാണ്. ന്യൂജൻ വസ്തുക്കളുമായി പിടിയിലാകുന്നതിൽ 90% പേരും 30 വയസ്സിന് താഴെയുള്ളവരാണ്. കള്ളും, കഞ്ചാവും, വിട്ട് ന്യൂജൻ വസ്തുക്കൾക്ക് പിന്നാലെ പായുകയാണ് ഇപ്പോൾ യുവത്വം. പോലീസും എക്സൈസും ഈ കഴിഞ്ഞ ദിവസങ്ങളിൽ പിടിച്ചെടുത്ത കേസുകളുടെ എണ്ണം മാത്രം പരിശോധിച്ചാൽ മതി ഇതിന്റെ ഗൗരവം വ്യക്തമാകും. സിനിമ, രാഷ്ട്രീയ, മേഖലകളിൽ ലഹരി മാഫിയ ചെലുത്തിക്കൊണ്ടിരുന്ന സ്വാധീനങ്ങളുടെ പിന്നാമ്പുറ കാഴ്ചകൾ നമ്മെ പേടിപ്പെടുത്തുന്നവയാണ്.. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരിയും മാസിക മാഫിയകൾ പോലീസിന്റെയും എക്സൈസിന്റെയും റെയ്ഡുകളും വേട്ടകളും നിർബാധം നടക്കുന്നുണ്ടെങ്കിലും ലഹരിയുടെ ഉപയോഗം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ലഹരി ഉപയോഗിക്കുന്നത് വഴി വ്യക്തികൾക്കും, കുടുംബത്തിനും, സമൂഹത്തിനും, നാടിനും, വലിയ നഷ്ടങ്ങൾ ഉണ്ടാകുന്നു. ഇത് പലവിധത്തിലും സംഭവിക്കുന്നു. കുടുംബങ്ങളിലെ സമാധാനം ഇല്ലാതാകുന്നു, ആരോഗ്യം നശിക്കുന്നു, മാരകമായ പല രോഗങ്ങൾക്കും അടിമയായി മാറുന്നു, മനുഷ്യ ശരീരത്തിലെ സുപ്രധാനമായ പല ഭാഗങ്ങളെയും ലഹരി രോഗഗ്രസ്തമാക്കുന്നു. സുബോധനഷ്ടമാണ് ഇതിലും ഭീകരം. ഒരു രാഷ്ട്രത്തിന്റെ വലിയ സമ്പത്തായ മാനവ വിഭവ ശേഷിയാണ് ഈ വിധത്തിൽ പാഴാകുന്നത്. സൽപ്പേര് നശിപ്പിക്കുന്നതും വ്യക്തിത്വം വികലപ്പെടുത്തുന്നതും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളാണെന്ന തിരിച്ചറിവിലേക്ക് നാം വളരേണ്ടതുണ്ട്. ഇതിനെല്ലാമായി നമുക്ക് വേണ്ടത് സ്വയം നിയന്ത്രണമാണ്. വിദ്യാർത്ഥികളായ നാം സ്വയം നിയന്ത്രിക്കുകയും നമ്മുടെ സമൂഹത്തെ ലഹരിയുടെ വഴിയിൽനിന്ന് പ്രതിരോധിക്കുകയും വേണം.

'വേണ്ട നമുക്കിനി ലഹരികൾ വേണ്ട.
വേണം കാമ്പുള്ള സോദരസ്നേഹം
ലഹരിയിൽ മയങ്ങല്ലേ നാം നമ്മെ മറക്കല്ലേ'



**അൽക്ക കെ. മനോജ്**
(രണ്ടാംവർഷ സയൻസ് വിദ്യാർത്ഥിനി)

# ഈശ്വരന്റെ കയ്യൊപ്പ്



ചെറുപ്പത്തിലെന്റെ കരം പിടിച്ചു
ചെറുതാകലിന്റെ മഹിമ തന്നു
ഇലയിട്ടു മുൻപിൽ വിളമ്പി വയ്ക്കും
ഒരു നല്ല സദ്യതൻ ഓർമ്മ പോലെ
അറിവും കിനാവും പകർന്നുതന്നു
നിദ്രയില്ലാത്ത സ്വപ്നങ്ങൾ തന്നു
അവയെത്തി നേടുവാൻ ചിറകു തന്നു
സീമകൾക്കപ്പുറം കൊണ്ടുചെന്നു
ഇനിയും നടക്കണം പാതയിൽ ഞാൻ
ഇററി വീഴാതെ ദൂരങ്ങൾ താണ്ടി
മടങ്ങിയെത്തുമ്പോഴും കാത്തിരിക്കാൻ
ഉമ്മറത്തിണ്ണയിൽ അമ്മയാളായ്
മേരിയെന്നാ പേരുകേട്ടിടുമ്പോൾ
ഉള്ളം തുടിക്കുന്നു സ്നേഹവായ്പായ്
മേരിതൻ കുഞ്ഞാടായി മാറിടുന്നു

പുസ്തകത്താളിലെ കൊച്ചുവീട്ടിൽ
ഓർമ്മയുണ്ടിന്നുമ വാക്കുകളിൽ
കത്തിജ്വലിക്കുന്ന പാടവങ്ങൾ ജീവിതയാത്രയിൽ
താങ്ങാകുവാൻ ഈശ്വരൻ തന്റെ കയ്യൊപ്പു പോലെ
ഇനിയും വളരുക മാനസത്തിൽ
നിറമാർന്ന പുഞ്ചിരി പൊൻ പ്രഭയായ്
ഇനിയും വളരുക ഞങ്ങളിലും
സൗരഭം പരത്തുന്ന പൂക്കളായി
മേരിയമ്മയ്ക്ക് യാത്രാമംഗളങ്ങൾ



ജോഷ്‌ലിൻ ജോസ്
X B




# ALONE IN THE MOB



All and sundry were passing by-I
Stood in the middle-
Of the mob as no one.
I was lost and had, to-
Find a way, my way but-
I see no one, I feel no one-
Advancing to help me.

Everyone lives a pleasant life,
They all are sound and secure I believe.
Not a worry, they all-
Chattering and nattering.
Living the best life they, I Hope-
I find my way.

Even soliloquizing is-
Hard now, I'm alone.
I'm not a penchant, to-
Take a step and ask for help,
I know none of my matters,
Matters to none of them.
They live the perfect life,
But alone in this world
Living in this misery, not a-
Single soul knows suffering.

Onism offends me, how-
Little I get to live and to know
But all I have is discomfort and pain.
I thought about, trading-
With someone, anyone I guess-
It doesn't matter how bad their life is,
I'm sure mine is the worst.

All and sundry were passing by-I
Stood in the middle of the mob as no one.
He said. Life is full of paradox but -
I can't find a way out, how-
To get used to this battle?

I agonized but, the-
Tristesse is that I took too long,
Sonder, is complex, true factual
All they have lived oh-
Their own, it is unique
And intricate I do know-
Now-pain and love is
Everywhere I just didn't-
Look closely enough.

We are the same, well-
Not exactly but almost it is,
How was I so brazen, I Thought
everyone else was
Living best in paradise whilst-
I'm having all the thorns.
Not exactly, not even almost,
No, it's not true.

I'm still standing in the –
Mob but no longer alone.
When I reach home, I shall seek
to find a cure for myself.
A remedy for my problems,
Which I made for myself.


Everyone else finds their resolution,
I hope I can and will find my answer.

All and sundry were passing by-I
Stood in the middle of the mob, evolving
My way, I too turn to my side,
Passing the ones-
Beside me, leading myself home.



**Jeeva Jijo**
First Year Humanities

# പുസ്തക പരിചയം




എല്ലാവരും മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്ന ഒരേ ഒരിടം പഴയ വിദ്യാലയത്തിന്റെ ചുവരുകൾക്കുള്ളിലാണ്, കുട്ടിക്കാലത്തിലേക്കാണ്. ഏറ്റവും നിഷ്കളങ്കമായി സ്നേഹി ച്ചതും, സ്നേഹിക്കപ്പെട്ടതും അപ്പോൾ മാത്രമായിരുന്നു. ക്ലാസ് മുറികൾ ഓഫീസ് മുറികൾ ആയപ്പോൾ, ആദ്യ അക്ഷരങ്ങൾ പഠിപ്പിച്ച അധ്യാപകനെ കുറിച്ച് കുറിപ്പ് എഴുതുമ്പോൾ, എപ്പോഴും കൂടെയുള്ളതുകൊണ്ട് മാത്രം അധികം വില കൊടുക്കാതെ പോയ ചില മനുഷ്യർ ജീവിതത്തിൽ നിന്ന് പടയിറങ്ങി പോകുമ്പോൾ, നമ്മൾ ആ സത്യം തിരിച്ചറിയും. ഒരിക്കൽ ഞാൻ ഒരുപക്ഷേ സ്നേഹിക്കപ്പെട്ടിരുന്നു... എന്ന്

**-ജോസഫ് അന്നംക്കുട്ടി ജോസ്**


ഒരു വ്യക്തിയുടെ ജീവിതം പറഞ്ഞതും പറയാത്തതുമായ ആയിരം കഥകളുടെ സംഗ്രഹമാണ്. അതിന്റെ ജയവും പരാജയവും, ഇരുളും പ്രകാശവും, എല്ലാം ഇവിടെ 'ബറീഡ് തോട്സ്' എന്ന പുസ്തകത്തിലൂടെ ജോസഫ് അവതരിപ്പിക്കുന്നു. തന്റെ ജീവിതാനുഭവം ഒരു കുമ്പസാരം എന്നപോലെ മറ്റുള്ളവരുമായി പങ്കുവെച്ചിരിക്കുക യാണ്. അനേകായിരം യുവാക്കളുടെ പ്രചോദനമാണ് ജോസഫ് അന്നംക്കുട്ടി ജോസ് അഭിനേതാവ്, കഥാകൃത്ത്, ,മോട്ടിവേഷൻ സ്പീക്കർ, എന്നീ നിലകളിൽ വളരെ പ്രശസ്തനായ വ്യക്തി കൂടിയാണ് ജോസഫ്. 'ബറീഡ് തോട്സ്' എന്ന പേര് പോലെ തന്നെ വ്യത്യസ്തമാണ് പുസ്തകവും 'സ്നേഹം, ഓർമ്മകൾ, തെറ്റുകൾ, പ്രതീക്ഷകൾ, എന്നിങ്ങനെ നാല് സെക്ഷനുകൾ ആയി തിരിച്ച് തന്റെ ജീവിതാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന രീതിയിലാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

നമ്മുടെ ജീവിതത്തെ പുനപരിശോധിക്കാനും അതിൽനിന്ന് അർത്ഥം കണ്ടെത്താനും നമ്മെ പ്രേരിപ്പിക്കുന്ന രീതിയിലാണ് പുസ്തകം പൂർത്തീകരിച്ചിരിക്കുന്നത്. ഒരു വ്യക്തി അയാളുടെ ജീവിതകഥ 27-ാം വയസ്സിൽ പുസ്തകരൂപത്തിൽ ആക്കി പ്രസിദ്ധീകരിക്കുക എന്നത് നിസ്സാര കാര്യമല്ല. ജീവിതം എന്നത് കുറെ തെറ്റുകളുടെയും പരാജയങ്ങളുടെയും കൂട്ടിച്ചേർക്കല്ലുകൾ ആണ്. ഏത് ജീവിതാവസ്ഥയിലും നമ്മെ മുമ്പോട്ട് നയിക്കുന്ന വസ്തുതയുണ്ട്- 'പ്രതീക്ഷ'.

എല്ലാവരും അവരവരുടെ ആഗ്രഹങ്ങൾ അടക്കി വയ്ക്കാൻ ആഗ്രഹിക്കുന്നവരാണ്. എന്നെക്കൊണ്ട് ഒന്നിന് കൊള്ളില്ല, എന്റെ ശബ്ദം മോശമാണ്, എന്നിങ്ങനെ സ്വയം പഴിചാരി നടന്ന വ്യക്തി കൂടിയായിരുന്നു ജോസഫ് അന്നംകുട്ടി ജോസ്. ജീവിതത്തിന്റെ കംഫേർട്ട് സോണിൽ നിന്ന് പുറത്തു വരാൻ തയ്യാറായി എന്നതാണ് അദ്ദേഹത്തിന്റെ ജീവിതത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. കൗമാര പ്രായത്തിലേക്ക് കടക്കുന്നവരും കടന്നുവരുമായ എല്ലാവരും വായിക്കേണ്ട പുസ്തകമാണ് 'ബറീഡ് തോട്സ്'."നമ്മുക്ക് ഒരു ലക്ഷ്യം ഉണ്ടെങ്കിൽ അത് ജീവിതത്തിന്റെ അവസാനം വരെ സംരക്ഷിക്കാൻ നാം തയ്യാറാവണം' എന്നാണ് ജോസഫ് ഈ പുസ്തകത്തിലൂടെ പറഞ്ഞുവെക്കുന്നത്.

**ജോബിൻ സജി**

(രണ്ടാംവർഷ കൊമേഴ്സ് വിദ്യാർത്ഥി)



Mesmerizing Moments...

















# Mesmerizing



ഇൻഡോനേഷ്യയിൽ വച്ചു നടന്ന ലോക കരാട്ടെ ചാമ്പ്യൻഷിപ്പിൽ
വെള്ളി മെഡൽ നേടിയ പൂർവ്വവിദ്യാർത്ഥി ബിപിൻ ജയ്മോന്
അഭിനന്ദനങ്ങൾ.

Mesmerizing Moments...

























# Moments...




മുൻ എൻഎസ്എസ് വോളണ്ടിയർ അഭിമന്യു അനിലിന്റെ സ്മരണാർത്ഥം ദത്തുഗ്രാമമായ സിദ്ധൻ പടിയിൽ 6 ലക്ഷം രൂപ മുടക്കി എൻഎസ്എസ് വോളണ്ടിയേഴ്സ് നിർമിച്ചു നൽകിയ

**ബസ് കാത്തിരിപ്പ് കേന്ദ്രം.**



# DECEPTION

“It was raining heavily, the street lights had gone off, and I was returning home the same way I had gone. Oh no!! Should I have done it, I shouldn't have let him go. The only thing worse than having a killer with a gun chasing you is having a killer chasing you with a gun in complete darkness, and the funny part is, the only solace in such a situation is that it is dark all around. We could only see each other momentarily when the vicinity would be lit by lightning. The distance between us had gradually increased, thanks to my running skills. The sound that I heard was not a pleasant one, neither was it a surprising one. He was trying to shoot me a couple of times in vain, giving a momentary yellowish glow to the rain drops. I wondered, why would the boss refuse me a gun? Another lightning showed me a giant tree to my side. I hide behind it, waiting for the next lightning, which revealed me a silhouette, striding towards me murderously. I took out my danger and threw it towards him. It is coincidental, purely coincidental, that when police found him later, they found that the dagger had hit his right eye, making a complete mess of some whitish liquid and a pool of blood. They informed me that his name was Martin Sin, a contract killer in profession and works for some Mr. Kite, who is the most powerful gangster of the area.

I wrote down everything that happened to me last night stating that my actions were purely of self-defence, lest I would have been killed, I signed it and handed it over to the officer. He told me to go home but warned me, that I may be called anytime for legal issues. I am walking down the road, towards home and I see a phone booth to my side. I get in, drop a coin, and I make the call I was supposed to make last night. He picks up. I say "the work is done Mr. Kite, the one who had betrayed you has met his demise".

**Amala Saji**

Second Year, Commerce

## School Chairman



Donbosco Thomas



## SCHOOL PARLIMENT

## Vice Chairperson



Sreelakshmi P S



## CLASS REPRESENTATIVES




Dr. Joice Dental Clinic
Smile More
Rajakad-Ph:04868 242255, 9447825495








# കാണാകാഴ്ച്ചകൾ തേടി.....

അനുഭവങ്ങളുടെ ആ യാത്ര ഒരു ഓർമ്മയായി മാറിക്കഴിഞ്ഞു. മനുഷ്യജീവിതത്തിലെ വസന്തകാലം എന്ന് ചൊല്ലി വിളിക്കുന്ന സ്കൂൾ ജീവിതത്തിലെ അവസാന വിനോദയാത്രയും കടന്നുപോയി...... സ്കൂൾ മുറ്റത്തുനിന്ന് മൈസൂർ വരെയുള്ള നീണ്ട 13 മണിക്കൂർ യാത്രയുടെ ദൈർഘ്യം ഒരുപക്ഷേ ആരും അറിയാതെ പോയത് ക്ലാസ് മുറിയിലെ ഗൗരവക്കാരായ അധ്യാപകരുടെ കുട്ടിത്തം പുറത്തുവന്നത് കൊണ്ടാവാം. കാഴ്ചകളുടെ ആദ്യദിവസം പക്ഷിസങ്കേതത്തിലൂടെയും പുസ്തകങ്ങളിൽ നിന്ന് കേട്ടു പഠിച്ച മൈസൂർ പാലസിലൂടെയുമുള്ള യാത്ര വിജ്ഞാനത്തിന്റെ അനുഭവമായിരുന്നു. പിന്നീട് ശ്രീ ചാമരാജേന്ദ്ര കാഴ്ച്ചബംഗ്ലാവിലൂടെ നടന്നു നീങ്ങിയ ദൂരം അസ്വസ്ഥപ്പെടുത്താതിരുന്നത് മൃഗങ്ങളോട് തോന്നിയ കൗതുകം കൊണ്ടും, പറഞ്ഞു തീരാത്ത കഥകൾ കൊണ്ടുമാണ്.

പിന്നീട് കണ്ടതെല്ലാം മനോഹരവും അനുഭവിച്ചതെല്ലാം അതിമനോഹരമായിരുന്നു... വൃന്ദാവൻ ഗാർഡനിലൂടെ കണ്ണിന് മധുര്യം നൽകിയ കാഴ്ചകൾ കണ്ട് മുകളിൽ എത്തിയപ്പോഴാണ് സമയം വൈകിയത് ഞങ്ങൾ തിരിച്ചറിഞ്ഞത്. ചുരുങ്ങിയ സമയവും, ഓടിയെത്താൻ അതിലേറെ ദൂരവും, കൂടെ ഒരു കൂട്ടം കൂട്ടുകാരും അങ്ങ് ദൂരെ കൗതുകം തോന്നിപ്പിച്ച ലൈറ്റ് ഷോയും. പിന്നെന്തു നോക്കാൻ....! ആവേശം കൊണ്ടോ, കൗതുകം കൊണ്ടോ തിരക്കേറിയ പടികളിലൂടെയും ആളുകൾ തിങ്ങി നടന്നിരുന്ന പാലത്തിലൂടെയും നുഴഞ്ഞുകയറി ഓടി. ഏറ്റവും രസകരമായ ഓട്ടത്തിനൊടുവിൽ ലൈറ്റ് ഷോയും കണ്ടുള്ള മടക്ക യാത്രയിൽ രണ്ടുവർഷം ക്ലാസ് മുറികളിൽ അറിയാതെ പോയ സൗഹൃദത്തിന്റെ കരുതൽ ആയിരുന്നു മുറുകെപ്പിടിച്ചിരുന്ന ഒരോ കൈയിലും, കൈകൾ കൊണ്ട് കോർത്ത ചങ്ങലയിലും ചുറ്റുമുള്ള നിലാവിലേക്കും നദിയിലേക്കും നോക്കി കഥകൾ പറഞ്ഞു നടന്ന നിമിഷങ്ങൾ അവിസ്മരണീയമായ ഓർമ്മകളാണെന്നും പിന്നീട് ഡി.ജെ പാർട്ടിക്കും ഉറക്കമില്ലാത്ത രാത്രിക്കുമൊടുവിൽ ഊട്ടിയിലെ പൈൻമരക്കാടുകളിലൂടെയുള്ള യാത്ര ആരംഭിച്ചു.... ഓർമ്മകൾ ചിത്രങ്ങളുമാക്കി.....

ശരീരത്തിനും മനസ്സിനും അതുപോലെതന്നെ കണ്ണുകൾക്കും കുളിരേക്കുന്നതായിരുന്നു ഊട്ടിയിലെ കാഴ്ചകൾ. പ്രകൃതിമനോഹാരിതയാൽ ഊട്ടി ഇന്ന് സമ്പന്നയാണ്. ഊട്ടിയിലെ കാഴ്ചകൾ രസകരമായിരുന്നു. ചുറ്റിനുള്ള പൂക്കളെക്കാൾ മനോഹരമായി തോന്നിയത് പ്രായത്തിന്റെയും അധികാരത്തിന്റെയും അതിർവരമ്പുകളിൽ അകപ്പെട്ടു പോകാതെ ഓടിക്കളച്ച അധ്യാപകരെയാണ്. കർണ്ണാടക ഗാർഡനിൽ ആവേശം ഉണ്ടാക്കിയത്, ദൂരെ കണ്ട പാലം തന്നെ. അങ്ങ് ഉയരത്തിലുള്ള പാലത്തിൽ നിന്നുള്ള കാഴ്ച നീലാകാശത്തിന്റെയും പച്ച ഭൂമിയുടേതുമായിരുന്നു. പ്രകൃതിയോടോ, ചരിത്രത്തോടോ കൗതുകം തോന്നാത്തവർക്കായി വ്യത്യസ്തകളുടെ വാണിജ്യ ലോകവും തുറന്നു കിട്ടി. യാത്രയിൽ കൂടെയില്ലാതെ പോയ സൗഹൃദങ്ങൾക്കുള്ള ശേഖരണവും അവിടുന്ന് നടത്തി. ദിവസത്തിന്റെ വേഗത അറിയാതെ മടക്കയാത്രയും ആരംഭിച്ചു. ഒരായിരം ഓർമ്മക ളുമായി ആ യാത്ര അങ്ങനെ കടന്നുപോയി........!



വാക്കുകൾക്ക് അതീതമായ അറിവിനും, അനുഭവങ്ങൾക്കും അപ്പുറം പറയാൻ ബാക്കിയായത് ഒന്നുമാത്രം, കാലം എഴുതിവെച്ച ഈ അനുഭവങ്ങളിൽ ലയിച്ചു നടന്ന ഞങ്ങൾക്ക് കാവലായി പിന്നാലെ നടന്ന അധ്യാപകർക്കും, കരുതലായ സൗഹൃദങ്ങൾക്കും, ഒരിക്കലും തിരിച്ചു കിട്ടാത്ത രാവിനും പകലിനും....... "നന്ദി"

**ലിയ സ്റ്റാൻലി**

(രണ്ടാം വർഷ സയൻസ് വിദ്യാർത്ഥിനി.)



# നന്ദി...

ഒരു യുഗത്തിന്റെ തിരശ്ശീല വീഴുമ്പോൾ, ഒരു അദ്ധ്യാപിക മാത്രമല്ല, ഒരമ്മയെപ്പോലെ ഞങ്ങളെ സ്നേഹിച്ച ഞങ്ങളുടെ ടീച്ചറിനോട് ഞങ്ങൾ നന്ദി പറയുകയാണ്. ഞങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്ന ഊഷ്മളതയും കരുതലും മധുരനിമിഷങ്ങളായി അവശേഷിപ്പിച്ചുകൊണ്ട് ഞങ്ങളുടെ പ്രിയപ്പെട്ട സോഷ്യോളജി അധ്യാപിക സോഫി ടീച്ചർ ഈ വർഷം വിരമിക്കുന്നു.

സ്കൂളിലെ എന്റെ ആദ്യദിനവും, അപരിചിതമായ മുഖങ്ങളും, പുതിയ അധ്യാപകരെ കണ്ടുമുട്ടിയതിന്റെ ഭയവും ഞാൻ വ്യക്തമായി ഓർക്കുന്നു. പുതിയ സ്ഥലത്തെക്കുറിച്ചുള്ള വേവലാതികൾക്കിടയിൽ, സോഫി ടീച്ചർ ആശ്വാസത്തിന്റെ ഒരു വിളക്കായി ഉയർന്നു. ടീച്ചറിന്റെ സ്വാഗതാർഹമായ പുഞ്ചിരിയും ഓരോ വിദ്യാർത്ഥിയെയും വ്യക്തിപരമായി പരിചയപ്പെടാനുള്ള ആത്മാർത്ഥമായ താൽപ്പര്യവും എല്ലാം ക്ലാസ് റൂമിനെ രണ്ടാമതൊരു വീടാക്കി മാറ്റി. ഒരു ഇൻസ്ട്രക്ടർ എന്നതിലുപരിയായി മറ്റുള്ളവരെ കരുതാനുള്ള സഹജമായ കഴിവാണ് സോഫി ടീച്ചറെ വ്യത്യസ്തയാക്കുന്നത്. ടീച്ചർ ഒരു ഉപദേഷ്ടാവിന്റെ റോളിലേക്ക് പരിധികളില്ലാതെ മാറി, അക്കാദമിക് മേഖലയ്ക്കപ്പുറത്തേക്ക് വ്യാപിച്ച മാർഗനിർദേശവും പിന്തുണയും ഞങ്ങൾക്കു നൽകി. സാധാരണ വിദ്യാർത്ഥി- അധ്യാപക ബന്ധത്തിന്റെ ചലനാത്മകതയെ മാറ്റിമറിക്കുന്ന ഒരു ബന്ധം സൃഷ്ടിച്ചുകൊണ്ട്, ഞങ്ങളോടുള്ള ടീച്ചറിന്റെ കരുതൽ യഥാർത്ഥമാണെന്ന് തുടക്കം മുതൽ തന്നെ ടീച്ചർ വ്യക്തമാക്കി.

സോഫി ടീച്ചറിനൊപ്പമുണ്ടായിരുന്ന മധുര നിമിഷങ്ങൾ അമൂല്യമായ നിധിപോലെ ഓരോ വിദ്യാർത്ഥിയും സൂക്ഷിച്ചു വയ്ക്കും. ഓരോ കുട്ടിയേയും വ്യക്തിപരമായി പരിഗണിക്കാൻ ടീച്ചർ താൽപ്പര്യം കാണിച്ചു. ടീച്ചറിന്റെ ചിന്താപരമായ ആംഗ്യങ്ങൾ ആശ്ചര്യപ്പെടുത്തുന്ന സ്റ്റോറി ടെല്ലിംഗ് സെഷനുകളിലേക്ക് നീണ്ടു, അവിടെ ക്ലാസ്റൂം ചിരിയും സന്തോഷവും കൊണ്ട് അലങ്കരിക്കുകയും സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. സോഫി ടീച്ചറിന്റെ മാർഗനിർദേശപ്രകാരം ഞങ്ങൾ സമൂഹശാസ്ത്രത്തിന്റെ ആകർഷകമായ ഭൂപ്രകൃതിയിലേക്ക് നീങ്ങി. ടീച്ചറിന്റെ കരുതലുള്ള സ്വഭാവം ഈ വിഷയം ഞങ്ങൾക്ക് എളുപ്പമുള്ളതാക്കിത്തീർത്തു. അതൊരു വെല്ലുവിളി നിറഞ്ഞ അസൈൻമെന്റോ, വ്യക്തിപരമായ പോരാട്ടമോ, അല്ലെങ്കിൽ കേവലം ഒരു മോശം ദിവസമോ ആകട്ടെ, ടീച്ചർ തുറന്ന കൈകളോടെ അവിടെ ഉണ്ടായിരുന്നു.

ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് പ്രസ്ഥാനത്തിലെ അംഗം എന്ന നിലയിൽ, ഞങ്ങളുടെ ഗൈഡ് ക്യാപ്റ്റനായ സോഫി ടീച്ചറിനെക്കുറിച്ച് ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞങ്ങളുടെ എല്ലാ അസൈൻമെന്റുകളിലും പ്രവർത്തനങ്ങളിലും ഞങ്ങൾക്ക് ആവശ്യമായ സഹായം നൽകി ടീച്ചർ കൂടെത്തന്നെയുണ്ടായിരുന്നു. ടീച്ചർ പല സ്ഥലങ്ങളിലും പോയി ... ഞങ്ങളെയും കൂടെകൂട്ടി ... ജീവിതത്തിന്റെ വിവിധ മുഖങ്ങൾ കണ്ടെത്തി സ്കൂളിന് പുറത്തുള്ള ലോകത്തെ അഭിമുഖീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കി. ടീച്ചർ എപ്പോഴും ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. ഞങ്ങൾ ആശയക്കുഴപ്പത്തിൽ ആകുമ്പോഴൊക്കെ കാർക്കശ്യത്തിന്റെ മുഖംമൂടി ധരിക്കാതെ നിറഞ്ഞസ്നേഹത്തോടെ ഞങ്ങളെ തിരുത്തി.

വിരമിക്കലിന് തുടക്കമിടുമ്പോൾ, ജീവിതത്തെക്കുറിച്ചുള്ള ടീച്ചറിന്റെ അനുഭവങ്ങൾ ഞങ്ങൾക്ക് പ്രകാശം പരത്തുന്ന വിളക്കുകളായി. അത് സമൂഹശാസ്ത്രത്തിന്റെ അറിവിൽ ഒതുങ്ങുന്നില്ല, മറിച്ച് ടീച്ചർ ഞങ്ങളുടെ ഹൃദയങ്ങളിൽ അവശേഷിപ്പിച്ച മായാത്ത അടയാളമായി എന്നും തുടരുന്നതാണ്. ടീച്ചറിന്റെ വിരമിക്കൽ ഞങ്ങളുടെ ഓർമ്മകളിൽ സ്വാധീനം ചെലുത്തുന്ന ഒരു മാതൃഭാവത്തോടുള്ള വിടപറയലാണ്. സോഫി ടീച്ചറിൽ ഞങ്ങൾ ഒരു അധ്യാപികയെ മാത്രമല്ല, ഒരു അമ്മയെയും സുഹൃത്തിനെയും സഹപാഠിയെയും കണ്ടെത്തി. ഞങ്ങൾക്ക് ടീച്ചർ പകർന്നു നൽകിയ സ്നേഹം ചാലിച്ച എണ്ണമറ്റ പാഠങ്ങൾ പോലെ ടീച്ചറിന്റെ വരാനിരിക്കുന്ന ദിവസങ്ങൾ ഊഷ്മളതയും, സ്നേഹവും, സന്തോഷവും കൊണ്ട് നിറയട്ടെ എന്ന് ആശംസിക്കുന്നു.



ഞങ്ങളുടെ മുമ്പോട്ടുള്ള ജീവിതത്തിൽ ഒരു മാതൃകയായി, ഒരു വിളക്കായി, എന്നും ടീച്ചർ ഞങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാവും. ഇനിയുള്ള ടീച്ചറിന്റെ വിശ്രമജീവിതത്തിന് എല്ലാവിധ ആശംസകളും നേരുന്നു. നന്ദിയോടെ സ്നേഹത്തിന്റെ നറു മലരുകൾ അർപ്പിക്കുന്നു.

**ഗ്ലോറിയ പി ജെ**
ഒന്നാംവർഷ ഹ്യുമാനിറ്റീസ് വിദ്യാർത്ഥിനി

# പ്രകൃതി

രാവും പകലും കൊഴിഞ്ഞുപോകുമ്പോൾ
മാസവും വർഷവും ഓടിയെത്തുന്നു.
ജീവിത ചക്രം കറങ്ങി തിരിയുമ്പോൾ
ജന്മങ്ങൾ വീണ്ടും പിറവിയെടുക്കുന്നു.
വിണ്ണിനും ഭൂമിക്കും നാശമായി മാറുന്ന
കോലങ്ങളായി മനുഷ്യനും മാറുന്നു.
തലമുറ കൈമാറി വന്നൊരു പാപങ്ങൾ
മാനവ നാശത്തിനായി ഭവിക്കുന്നു.
ചന്തം നിറഞ്ഞുപതഞ്ഞൊഴുകുന്ന
നദികളോ വറ്റി വരണ്ടുപോകുന്നു
കളകളം പാടി രമിച്ചുകഴിഞ്ഞൊരാ
പക്ഷികൾ ശലഭങ്ങൾ അന്യമായി തീരുന്നു.
അന്നത്തെ അന്നത്തിനായി തിരയുന്ന
പക്ഷിമൃഗാദികൾ ശാപം ചൊരിയുന്നു.
കതിരോന്റെ കിരണങ്ങൾ തഴുകി തലോടിയ
പൂക്കളും പാടവും ഇനിയും ഉണ്ടാകുമോ.?
പ്രകൃതി തൻ മാറിൽ കഠാര തറയ്ക്കുന്ന
മർത്യനു ശാപം തലമുറ നിൽക്കുന്നു.
വിഷപുക തുപ്പും വ്യവസായ ശാലകൾ
ഭ്രൂണഹത്യയ്ക്കു ഹേതുവായ് തീരുന്നു.
പ്രകൃതിതൻ ശ്വാസം നിലയ്ക്കുന്ന നേരത്ത്
അന്യഗ്രഹങ്ങളിൽ ചേക്കേറുമോ നമ്മൾ.
പാടില്ല പാടില്ല ഇനിയുമീ തലമുറ
പ്രകൃതി തൻ നാശത്തിനായി നിലകൊള്ളാൻ



ഷൈജി സി.ബി.

രക്ഷാകർത്താക്കൾക്കായി സ്കൂൾതലത്തിൽ സംഘടിപ്പിച്ച
കവിതാരചന മത്സരത്തിൽ ഒന്നാം സ്ഥാനം
കരസ്ഥമാക്കിയ കവിത.



# നിനയ്ക്കാതെത്തിയ കനവുകൾ



നിനയ്ക്കാതെയും പറയാതെയും
എൻ ജീവനെ തഴുകിയുണർ
ത്തിയൊരി..........കിനാവുകൾ
ജീവിതം എൻ സ്വപ്നത്തിന് നിറമേകി
എനിക്കും സ്വപ്നങ്ങളുണ്ട് കിനാവുകൾക്കും
കനവുകൾക്കുമപ്പുറമൊരു യാത്ര പോകണം
കടലിനും കാറ്റിനുമൊപ്പം
താരകങ്ങൾ കൺചിമ്മുന്ന രാത്രി-
കളിൽ നിലാമഴയിൽ നനഞ്ഞു
വിടർന്ന നിശാഗന്ധിക്കൊപ്പം
പ്രണയം മഴയിൽ ഞാൻ പൂ-
ത്തുലഞ്ഞപ്പോൾ നീയാം.......
കടലിൽ ഞാനലിഞ്ഞു പോയി
എനിക്കായി നീയും നിനക്കായ്
ഞാനും മാത്രമാം........
ഓർമ്മയുടെ മണിച്ചപ്പ്
തുറന്ന് കൗമാരത്തിൻ മഞ്ചാടി
മണികൾ പെറുക്കുന്ന
ഒരു കുട്ടിയാവണമെനിക്ക്
കുഞ്ഞുകുരുന്നാവണമെനിക്ക്.....


കടൽത്തിരതൻ ശബ്ദം
എന്നിൽ അശാന്തിയേകുമ്പോഴും
കടൽത്തിരതൻ നിശബ്ദത
എനിക്കെന്നുമീ ശാന്തിയേകുന്നു
നിന്റെയാ ഓർമ്മകളാൽ
ഒരിക്കലും തീരാത്തൊരാ.....
കനവുകൾ മർത്ത്യനെ
നിരാശയിലേക്ക് നയിക്കൂ.....
ഒരിക്കലും മായാകിനാവുകൾ
ഒരിക്കലും തീരാ കനവുകൾ
നിന്റെയാ നിലാവെളിച്ചത്തിൽ
ശാന്തമാം തിരകൾ
എന്നെ തഴുകിയുണർത്തുമ്പോൾ
എന്നിലേക്ക് ഒഴുകിയെത്തിയൊരി
നിനയ്ക്കാതെത്തിയൊരാ.... കനവുകൾ

**ആഷ്ന ജോണി**
(ഒന്നാം വർഷ സയൻസ് വിദ്യാർത്ഥിനി.)


# Drawings..



Atlanta P V



Atlbert Arunkumar




Abbin Shaji



Sreenandan K H



Noble Manoj



Abin Binoy



Nasrin Ibrahim


EXCLUSIVE CAMPUS FOR
CA CS CMA IND USA ACCA

Scan here for Scholarship Registration

TOTAL SCHOLARSHIP AMOUNT
₹1.50 CRORE+

FACILITY TO STUDY FREE OF COST FOR UP TO
50 STUDENTS

SCHOLARSHIP BENEFIT TO
475+ STUDENTS



IICM
PROFESSIONAL CAMPUS
AGASTHYANMUZHI MUKKAM, CALICUT-673 602
+91 90617 10099
iicm.campus@gmail.com | www.iicmcampus.com

MAIN FEATURES

- CAMPUS ENVIRONMENT
- INDIVIDUAL ATTENTION. BATCH SIZE IS RESTRICTED TO 60 STUDENTS.
- BEST IN CLASS FACULTIES
- SEPARATE HOSTEL FOR BOYS AND GIRLS
- HOSTEL AND MESS OWNED AND OPERATED BY THE INSTITUTE
- 24/7 OPEN LIBRARY INSIDE HOSTEL
- PLAYGROUND AND RECREATIONAL FACILITIES
- HOLISTIC DEVELOPMENT
- REGULAR TEST PAPERS AND MOCK TEST FACILITIES

## പത്രത്താളുകളിലൂടെ....


സഹപാഠികളുടെ കാത്തിരിപ്പ് ഇനി അഭിമന്യുവിന്റെ ഓർമയിൽ

ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ 'വായന മൂല' സ്ഥാപിച്ച് വിദ്യാർഥികൾ

പോസ്റ്റൽ വാരാചരണം നടത്തി

പൂർവ വിദ്യാർഥിയുടെ ഓർമക്ക് ഒരു ബസ് കാത്തിരിപ്പ് കേന്ദ്രം

കൂൺകൃഷി: ക്ലാസ് നടത്തി

വഴിയോര കണ്ണാടി സ്ഥാപിച്ചു

'യുഎൻ മോഡൽ അസംബ്ലി' 2ന്

ഭാഷാമൃതം പദ്ധതിക്കു തുടക്കം

മലയോര ഹൈവേ: മണ്ണിളക്കിയുള്ള പണികൾക്കെതിരെ കെഎസ്ഇബി ഡാം സേഫ്റ്റി വിഭാഗം

പറന്നു, സമാധാനത്തിന്റെ സഡാക്കോ കൊക്കുകൾ

അർത്ഥങ്ങൾ തേടിയുള്ള ജീവിതയാത്രയിൽ........
അപ്രതീക്ഷിതമായി കടന്നു വന്ന ചില നല്ല മുഹൂർത്തങ്ങൾ........
ഒരുമിച്ചു നടന്നു നീങ്ങുമ്പോഴും ഔദ്യോഗികതയുടെ പേരിൽ ചില വേർപിരിയലുകൾ......
കാലമിനിയും മുന്നോട്ട് പോകും അനേകം കഥകളുമായി,നിറങ്ങളുമായി....... പ്രതീക്ഷയോടെ.

കലാലയത്തോട് വിടപറയുന്ന പ്രിൻസിപ്പൽ ഡോ.ലാലു സർ,ഹെഡ്മിസ്ട്രസ് കരോളിൻ ടീച്ചർ,സോഫി ടീച്ചർ,മേരി ടീച്ചർ എന്നിവർക്ക് യാത്രാമംഗങ്ങളങ്ങൾ.സ്കൂൾമാനേജ്മെന്റ്, പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ്, അധ്യാപക- അനധ്യാപക സുഹൃത്തുക്കൾ, രക്ഷാകർത്താക്കൾ, എഡിറ്റോറിയൽ ബോർഡ്, വിദ്യാർഥികൾ, പരസ്യം നൽകി സഹകരിച്ചവർ, എല്ലാറ്റിനുമുപരി സർവ്വേശ്വരന്

നന്ദി...

സ്നേഹപൂർവ്വം

സിജോ ജോൺ



മാറിവരുന്ന കാലഘട്ടത്തിന് അനുയോജ്യമായ
സ്വപ്നസുന്ദര ഫർണിഷിംഗിനും... ഫർണിച്ചറുകൾക്കും......
റോയൽ ഫർണിച്ചർ
& ഹോം അപ്ലയൻസസ്
പടിഞ്ഞാറേക്കവല, നെടുങ്കണ്ടം
Ph:9947445368, 9961685368
★ വിശ്വസ്തതയുടെ 15 വർഷങ്ങൾ
★ വിൽപനാനന്തര സേവനം
★ വമ്പിച്ച വിലക്കുറവ്
EMI ഫിനാൻസ് സൗകര്യം
BAJAJ FINSERV
EMI FINANCE
Authorised distributors in :-
Eagle Home Appliances, Treo Glasswares,Stronglite
Greenchef Appliances,Tootal Plastics, Household Items etc....



# ACADEMIC
## EXCELLENCE

- 2023 പ്ലസ് ടു പരീക്ഷാ ഫലത്തിൽ ഇടുക്കി ജില്ലയിൽ ഒന്നാമത്
- ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസി - ഹയർസെക്കന്ററി വിഭാഗത്തിലെ ഏറ്റവും മികച്ച സ്കൂൾ

**SCIENCE**
**100%**

**HOME SCIENCE**
**100%**

**COMMERCE**
**100%**

**HUMANITIES**
**100%**


**ST. XAVIER'S HIGHER SECONDARY SCHOOL**
CHEMMANNAR
Ph: 9447521891, E-Mail : 06034sxhsschemmannar@gmail.com